## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1233 21.03.2013ൽ മറുപടിക്ക്

## സപ്ലൈക്കോയിലെ ക്രമക്കേട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് :<br>,, എം. ഹംസ :<br>,, എസ്. രാജേന്ദ്രൻ :<br>,, വി. ശിവൻകുട്ടി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നതിനായി സപ്ലൈകോ ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിൽ ക്രമക്കേട് നടത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പൊതുവിതരണ ശൃംഖല വഴി വിതരണം നടത്തുന്ന ഭക്ഷ്യ വസ്തുക്കൾ തീർത്തും സുതാര്യമായ രീതിയിൽ ഇ - ടെണ്ടർ വഴിയാണ് വാങ്ങുന്നത് എങ്കിലും ഇക്കാര്യത്തിൽ പരാതികളോ, ആക്ഷേപങ്ങളോ ഉണ്ടാകുമ്പോൾ ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) ഇ - ടെണ്ടർ വഴി നടത്തുന്ന ടെണ്ടർ പ്രക്രിയയിൽ നിരക്ക് രേഖപ്പെടുത്താൻ കഴിഞ്ഞില്ലായെന്നും ടെണ്ടറിനോടനുബന്ധമായി നടക്കുന്ന 'നെഗോഷ്യേഷ'നിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും, പർച്ചേയ്സ് ഉത്തരവു പ്രകാരമുള്ള സാധനങ്ങൾ ഇനം മാറി വിതരണം നടത്തിയെന്നുമുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരം പരാതികൾ പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

(സി) ഈ അടുത്ത കാലത്ത് സപ്ലൈകോ വൻപയർവാങ്ങിയതിൽ ക്രമക്കേട് നടന്നതായി ആരോപണം ഉയർന്നിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഇടപാടിൽ കരാറുകാർക്ക് ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വഴിവിട്ട സഹായം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണമോ നടപടിയോ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(സി)യും (ഡി)യും 2012 ജൂലൈ മാസത്തെ ഇ - ടെണ്ടറിന്റെ അടിസ്ഥാനത്തിൽ നൽകിയ പർച്ചേയ്സ് ഓർഡർ പ്രകാരം തിരുവനന്തപുരം ജില്ലയിലെ മൂന്ന് ഡിപ്പോകളിൽ വിതരണം നടത്തിയ വൻപയർ ഇനം മാറി നൽകിയെന്ന പരാതി ലഭിച്ചിട്ടുണ്ട്. 2012 ജൂലൈ മാസത്തിൽ മെസേഴ്സ് സായി തേജാ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയ പർച്ചേയ്സ് ഓർഡർ പ്രകാരം വിതരണം നടത്തേണ്ടിയിരുന്നത് ചുവന്ന വൻ പയറാണ്. എന്നാൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, നെടുമങ്ങാട്, തിരുവനന്തപുരം ഡിപ്പോകളിൽ ഇതിനുപകരമായി വെളുത്ത വൻപയറാണ് നൽകിയത്. തിരുവനന്തപുരം ജില്ലയിൽ ചുവന്ന വൻ പയറിനു പകരം വെളുത്ത വൻപയർ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. വിതരണക്കാരനെതിരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനും പുറമേ ടി പയറിന്റെ അധിക വിലയും പെനാൽട്ടിയുമടക്കം 838995.00 രൂപ കണ്ടുകെട്ടുകയും 3833817.00 രൂപ തടഞ്ഞുവെയ്ക്കുകയും ചെയ്തിട്ടുണ്ട്.

Seena

സെക്ഷൻ ഓഫീസർ